പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1439

06.03.2018-ൽ മറുപടി നൽകേണ്ടിയിരുന്നത്

## ഗ്രാമവികസന വകുപ്പ് ജീവനക്കാരുടെ നിയമനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.ഡി. പ്രസേനൻ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| (എ) 20.01.2017-ലെ 166/2017/LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ബ്ലോക്ക് പഞ്ചായത്തുകളുടെ പെർഫോമൻസ് ഓഡിറ്റിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (പി.എ) യുടെ കീഴിൽ ഗ്രാമവികസന വകുപ്പ് ജീവനക്കാരെ നിയമിക്കാൻ നിർദ്ദേശിച്ചതിന്റെ ഭാഗമായി നാളിതുവരെയായി തദ്ദേശസ്വയംഭരണ, ഗ്രാമവികസന വകുപ്പുകൾ സ്വീകരിച്ചനടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;<br><br>(ബി) ഈ നിർദ്ദേശം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെയായി നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ? | (എ) & (ബി) | കേരള ലോക്കൽ ഗവണ്മെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട് പ്രകാരം ആസ്തി വികസനം, പെർഫോമൻസ് ഓഡിറ്റ് എന്നിവ സംബന്ധിച്ച് 'കില' തയ്യാറാക്കിയ മാനദണ്ഡമാണ് 20.01.2017-ലെ 166/2017/LSGD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ളത്. പെർഫോമൻസ് ഓഡിറ്റ് സംബന്ധിച്ച് മാനദണ്ഡത്തിലെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള ഉത്തരവുകൾ പുറപ്പെടുവിക്കാത്തതിനാൽ അതു സംബന്ധിച്ച നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ